
# PETALS
## of Malankara

# മലങ്കര ക്രെഡിറ്റ് സൊസൈറ്റിയ്ക്ക് എൻ.സി.ഡി.സിയുടെ 100 കോടി




| 144200+ | 17500+ | 80300+ |
|---|---|---|
| Happy Members | Depositors | Loanees |

Vol:47 | Issue :November 2025

PETALS of Malankara

LIBERTY THROUGH CO OPERATION

# MALANKARA CREDIT SOCIETY LTD

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223

(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Group

## Objectives:

TO

- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Malankara Credit Society Ltd**

**Editorial Board**

**Chief Editor**
**Mr. Jisso Baby**
Chairman

**Sub Editor**
**Mrs.Mariyama Pious**
Vice Chairperson

**Jose ML**
**Aiswarya Sanesh**
**Printo CJ**
**Vishnu Prakash**
**Digin Kumar**

**Design & Layout**
**Adham Antony**



# MESSAGE



Jisso Baby
CHAIRMAN

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയപ്പെട്ട മെമ്പർമാരെ,

## നമ്മുടെ സൊസൈറ്റിക്ക് ഒരു സുപ്രധാന സന്തോഷവാർത്ത!

നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (NCDC) നിന്ന് **100** കോടി രൂപ നമുക്ക് അനുവദിച്ചു. ഇതുവഴി നമ്മുടെ അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പകൾ നൽകുന്നതിനും, അവരുടെ സാമ്പത്തിക കാര്യങ്ങളിൽ ഒരു വലിയ പിന്തുണ നൽകുന്നതിനും നമുക്ക് സാധിക്കും. NCDCയിൽ നിന്ന് ലഭിച്ച ഈ തുക നമ്മുടെ സാമൂഹികസാമ്പത്തിക വളർച്ചയ്ക്ക് ഒരു വലിയ മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല.

നമ്മുടെ സൊസൈറ്റി തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷവും **87,000**ൽ പരം അംഗങ്ങൾക്ക് ലാഭവിഹിതം കൃത്യമായി വിതരണം ചെയ്യാൻ നമുക്ക് കഴിഞ്ഞു. ഇത് നമ്മൾ തമ്മിലുള്ള ബന്ധം എത്രത്തോളം ദൃഢമാണ് എന്ന് തെളിയിക്കുന്നു.

പ്രമുഖ വാഹന നിർമ്മാണ കമ്പനികളുമായി ഞങ്ങൾ പങ്കാളിത്തത്തിൽ ഏർപ്പെട്ടതിനാൽ, ഇനി പുതിയ കാറുകളോ മറ്റ് വാഹനങ്ങളോ വാങ്ങുമ്പോൾ അംഗങ്ങൾക്ക് കൂടുതൽ വിലക്കിഴിവുകളും കുറഞ്ഞ പലിശ നിരക്കിൽ വായ്പകളും ലഭിക്കുന്നതാണ്. നിലവിൽ, സിട്രോൺ കാറുകൾ ₹**5,000** വരെ വിലക്കിഴിവോടെ സ്വന്തമാക്കാൻ അവസരമുണ്ട്.

മറ്റൊരു സന്തോഷം: ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ആദ്യമായി വേൾഡ് കപ്പ് നേടിയതിന്റെ ഭാഗമായി, കേരളത്തിലെ എല്ലാ വനിതകൾക്കും പുതിയ ഇരുചക്ര വാഹനങ്ങൾ (Two-Wheeler) വാങ്ങുമ്പോൾ പ്രോസസ്സിംഗ് ചാർജ് ഇല്ലാതെ സ്വന്തമാക്കാൻ സാധിക്കും. ഈ ഓഫർ നവംബർ **30** വരെ ലഭ്യമാണ്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സഹകരണ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ അനുമതിയുള്ള മലങ്കര മൾട്ടി സ്റ്റേറ്റ് ക്രെഡിറ്റ് സൊസൈറ്റിയെ, സഹകരണ മേഖലയിൽ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പ്രസ്ഥാനമായി ഉയർത്താൻ നമുക്ക് ഒന്നായി പരിശ്രമിക്കാം.

**2030**ഓടെ **25,000** കോടി രൂപയുടെ ബിസിനസ് എന്ന മഹത്തായ ലക്ഷ്യം നമുക്ക് നേടിയെടുക്കാം.

എന്ന് നിങ്ങളുടെ സ്വന്തം,
ജിസ്സോ

# FROM THE DESK OF CEO



Dear Members and Team,

**Warm greetings to all.**

As we enter a new month, I am pleased to share a brief reflection on the direction in which the financial world is moving—and how Malankara is preparing to stay ahead. Recent global studies show that technology and AI are reshaping how institutions operate, connect with customers, and deliver services. Today, systems are expected to be faster, more secure, and more intelligent than ever before.

At Malankara, our focus remains clear: to serve our members with trust, transparency, and innovation. We are strengthening our digital platforms, improving documentation and process efficiency, and ensuring our teams have the right tools to deliver quick and accurate service. This will support our growing operations across branches, value chains, and new credit products.

Security and compliance continue to be top priorities. As automation increases worldwide, institutions must safeguard member data and ensure responsible usage of technology. We are committed to maintaining the highest standards of governance while embracing modern solutions that improve our speed and reliability.

Our people remain our greatest strength. I appreciate the commitment shown by every team member—from branch operations to credit, collections, IT, and administration. Your dedication is what enables Malankara to scale steadily and confidently.

As we move forward, we will continue to blend our cooperative values with digital transformation, ensuring that every member experiences the benefits of progress without losing the human touch that defines us.

Together, let us build a stronger and smarter Malankara.

Warm regards,
**Sivaprakash.P**
**Dy CEO, Malankara Credit Society**



**A I JAMES**
BCOM, CAIIB, ICWA, ACS

# MY EXPERIENCES WITH TRAVEL

## സുന്ദർബനിലേക്കൊരു സഫാരി

കടുവയെ അതിന്റെ മടയിൽ പോയി കാണുക എന്ന സങ്കല്പത്തോടുകൂടിയായിരുന്നു എന്റെ സുന്ദർബൻയാത്ര. ബംഗാൾ ഉൾക്കടൽ ബംഗാളിനോട് ചേരുന്ന ഭാഗത്ത് ഗംഗയും ബ്രഹ്മപുത്രയും മേഖന നദികളും കൂടി തീർത്ത ഡെൽറ്റ പ്രദേശമാണ് സുന്ദർബൻ. ലോക പ്രസിദ്ധമായ ബംഗാൾ ടൈഗർ,മുതല, ഡോൾഫിൻ, കിങ്കോബ്ര മുതലായവയുടെ വാസസ്ഥലം.

വളരെ അപ്രതീക്ഷിതമായി ഒറ്റ രാത്രികൊണ്ട് മുംബൈയിൽ നിന്ന് കൊൽക്കത്തയിലേക്ക് സ്ഥലം മാറ്റം. അതിനുള്ള കാരണങ്ങൾ ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ട് വിവരിക്കുന്നില്ല. ടോളിഗഞ്ച് മെട്രോ സ്റ്റേഷനു സമീപം ബാങ്കിന്റെ ഫാമിലി ക്വാർട്ടേഴ്സിൽ താമസവും ധർമ്മത്തലയിലെ ബാങ്കിൽ ജോലിയുമായി കഴിയുമ്പോഴാണ് സുന്ദർബൻ സഫാരി തരപ്പെട്ടത്. കൂടെ ഫാമിലിയെയും കൂട്ടി യാത്രക്ക് ബുക്ക് ചെയ്തു.

യാത്ര പുറപ്പെടുന്ന ദിവസം കൊൽക്കത്തയിൽ നിന്ന് സുന്ദർബനിലേക്കുള്ള ബോട്ട് (ചെറിയ കപ്പൽ) പുറപ്പെടുന്ന ജെട്ടിയിലേക്ക് ബസിൽ ഏതാണ്ട് നൂറു കിലോമീറ്റർ യാത്ര ചെയ്തു. ബംഗാളിന്റെ പല ഭാഗങ്ങളിൽ നിന്ന് ഏതാനും യാത്രക്കാരുണ്ട് ബോട്ടിൽ. ആദ്യമായി ടൂർ ഗൈഡ് സുന്ദർബാനെ കുറിച്ചൊരു വിവരണം തന്നു. ഏതാണ്ട് നൂറോളം ദ്വീപ് സമൂഹവും അതിന് ചുറ്റും ബംഗാൾ ഉൾക്കടലിന്റെയും ഗംഗ മുതലായ നദികളുടെയും കൈവഴികളുമായി പരന്നു കിടക്കുന്ന ഒരു ഭൂവിഭാഗമാണ് സുന്ദർബൻ. ലോകത്തിലെ ഏറ്റവും വലിയ കടുവ വിഭാഗത്തിൽ പെട്ടതും ആകാരഭംഗി കൊണ്ട് ആരേയും ആകർഷിക്കുന്നതും ആക്രമണകാരിയുമായ ഇരുന്നൂറിലേറെ ബംഗാൾ കടുവകൾ വസിക്കുന്ന വനമേഖലായാണ് സുന്ദർബൻ. സുന്ദർബനിലെ നൂറ് ദ്വീപുകളിൽ പകുതിയും ജനവാസമേഖലയെങ്കിൽ, മറ്റു പകുതി ദ്വീപുകളിൽ ബംഗാൾ കടുവകൾ വസിക്കുന്നു. കൂടാതെ മറ്റു മൃഗങ്ങളും. ഒരു ദിവസം രാത്രി സുന്ദർബൻ കാടുകളിലിടയിലുള്ള നദിയിൽ കപ്പലിൽ താമസം. ഈ വിവരണത്തോടുകൂടി യാത്ര തുടങ്ങി.

കാഴ്ചകൾ കണ്ടുതുടങ്ങി. നിരവധി ദ്വീപുകളും അതിനിടയിലൂടെ ഒഴുകുന്ന ഗംഗ നദിയുടെയും ബ്രഹ്മപുത്രയുടെയും കൈവഴികൾ ബംഗാൾ ഉൾക്കടലിലേക്ക് ഒഴുകുന്നു. മൂന്നൂ ദ്വീപുകൾക്കിടയിലൂടെയുള്ള നദികളിൽ ശക്തമായ ഒഴുക്ക് ബോട്ടിനെ ഇളകി മറിക്കുന്നു. സുനാമി മൂലം പല ദ്വീപുകളിലും മനുഷ്യ വാസമില്ലാതായിരിക്കുന്നു. ടൂറിസ്റ്റുകൾക്ക് വിശ്രമിക്കാനുള്ള രണ്ടു മൂന്നു ദ്വീപുകളിൽ ഇറങ്ങി സുന്ദർബൻ പേരു നൽകിയ സുന്ദരി വൃക്ഷങ്ങൾ കണ്ടു. മുതലയെ കണ്ടു. എങ്കിലും ഇതുവരെയും ബംഗാൾ ടൈഗറെ കണ്ടില്ല. ഇതിനിടയിൽ കേരളത്തിൽ നിന്ന് കൊൽക്കത്തയിൽ ജോലി ചെയ്യുന്ന രണ്ട് ബാങ്ക് ഉദ്യോഗസ്ഥരെ പരിചയപ്പെട്ടു. ഏതാണ്ട് സന്ധ്യയോടടുത്തപ്പോൾ നാട്ടിൽ നിന്ന് ഒരു ഫോൺ കോൾ. കൊൽക്കത്ത തീരത്ത് ഫെയിലിൻ (Phailin) കൊടുങ്കാറ്റ് അടിക്കുന്നു. ഞങ്ങൾ അതിന്റെ മദ്ധ്യത്തിലും രാത്രിയോടടുക്കുന്നതിനാൽ ബോട്ട് കരയോടു ചേർന്ന നദിയിൽ നങ്കൂരമിട്ടു. ഞാനും ബാങ്ക് ഉദ്യോഗസ്ഥരും ബോട്ടിന്റെ മുകൾ ഭാഗത്ത് ഒത്തുകൂടി. ശക്തമായ കാറ്റും മഴയും ബോട്ടിനെ ഉലക്കുന്നുണ്ടായിരുന്നു. ഒരു കാബിനിൽ ഞങ്ങൾ ഫാമിലി രാത്രിയിൽ കിടന്നുറങ്ങി എഴുന്നേറ്റപ്പോൾ പ്രകൃതി ശാന്തം. ബംഗാൾ ടൈഗറെ കണ്ടില്ല എന്ന ദു:ഖം മാത്രം.










രാവിലെ തന്നെ യാത്ര തുടങ്ങി. കുറച്ച് കഴിഞ്ഞ് ബോട്ട് നദിക്ക് മധ്യത്തിൽ നിർത്തി. ഇതിൽ ചെറിയ ബോട്ടിൽ കുറച്ചു പേരുമായി അടുത്ത ദ്വീപിൽ ഇറങ്ങണം. ദ്വീപിലെ ഉയർത്തികെട്ടിയ നടപ്പാതയിലൂടെ കമ്പിവേലിക്കുള്ളിൽകൂടി നടക്കണം കടുവയെ മാടത്തിലെത്തി കാണാൻ. ഏതാണ്ട് ഒരു കിലോമീറ്ററോളം നടന്നു. കാണാൻ പറ്റിയത് കടുവകളുടെ കാൽ പാടുകൾ മാത്രം. ഉയർത്തികെട്ടിയ നടപ്പാതകൾക്ക് താഴെയുള്ള ചെളി നിറഞ്ഞ പ്രദേശത്ത് നിരാശയോടെ തിരിച്ച് നടന്നു. ഏതാണ്ട് അര കിലോമീറ്റർ തിരിച്ച് നടന്നപ്പോൾ താഴെ തൂണിനോട് ചേർന്ന് എന്തോ ഒരു ശബ്ദം. നോക്കിയപ്പോൾ അതാ നിൽക്കുന്നു ഒന്നല്ല രണ്ടു ബംഗാൾ കടുവകൾ. ആ കാഴ്ച ഒരിക്കലും മറക്കാൻ പറ്റില്ല. ഏതാണ്ട് 200 – 300 കിലോയോളം തൂക്കം വരുന്ന അജാനുബാഹുക്കളായ കടുവകൾ. അവയുടെ സൗന്ദര്യം ഒന്നു കാണേതു തന്നെയാണ്. ബംഗാൾ കടുവകൾ നദിയിലൂടെ നീന്തി ബോട്ടുകളെ ആക്രമിച്ച ചരിത്രവുമുണ്ട്.

സംതൃപ്തിയോടെ തിരിച്ച് ബോട്ടിലെത്തി. ഏതാണ്ട് ഉച്ച കഴിഞ്ഞ് ബോട്ടുജെട്ടിയിലെത്തി. അവിടെ നിന്ന് ബസിൽ കൊൽക്കത്തയിലേക്ക് തിരിച്ചു. വർഷങ്ങൾ കഴിഞ്ഞിട്ടും സുന്ദർബൻ യാത്ര ഇപ്പോഴും മനസ്സിന് കുളിർമ നൽകുന്നു.

"Where the jungle meets the river: Sundarbans"

**ഹൃദയപൂർവ്വം**
**എ.ഐ. ജെയിംസ്**

---

## ഇത്തരത്തിലുള്ള യാത്രകൾ നമ്മുടെ ശരീരത്തെയും മനസ്സിനെയും ശാന്തമാക്കും.

മലകൾ, കായലുകൾ, കടലോരങ്ങൾ, വെള്ളച്ചാട്ടങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ, വൈവിധ്യമാർന്ന സംസ്കാരങ്ങൾ എന്നിവയാൽ സമ്പന്നമാണ് നമ്മുടെ ഭൂമി.
നിലവിൽ, നമ്മുടെ ബിസിനസ് കറസ്പോണ്ടന്റായ ബൊച്ചെ, 'ബൊച്ചെ ടൂർസ് ആൻഡ് ട്രാവൽസ്' വഴി അന്താരാഷ്ട്ര (International), ആഭ്യന്തര (Domestic) യാത്രകൾ ഏറ്റവും മികച്ച രീതിയിൽ ആസൂത്രണം ചെയ്ത് നടത്തുന്നുണ്ട്.
ഈ മനോഹരമായ കാഴ്ചകൾ മിതമായ നിരക്കിൽ ആസ്വദിച്ചുകൊണ്ട് സന്ദർശിക്കുന്നതിനായി ബോച്ചെ ടൂർസ് & ട്രാവൽസ് പ്രൈവറ്റ് ലിമിറ്റഡിനെ (Boche Tours & Travels Pvt Ltd) സമീപിക്കുക.
Contact Number: 81570 23456, 81570 23457

# എട്ടു മണി അമ്മ

(ഗദ്ധ്യ കവിത)

ഓർമ്മ വെച്ച ബാല്യത്തിൽ എട്ട് മണിമുഴക്കങ്ങൾ (കശുവണ്ടി ഫാക്ടറിയിലെ ഒരോ മണിക്കൂറിലും മുഴങ്ങുന്ന മണി അടി ശബ്ദം) കേട്ടാണ് ഉണരുന്നത്. അമ്മയെ തിരക്കിയാൽ കാണുന്നത് ചായയും വെന്തു വെച്ച ചോറും കറികളും.

വൈകിട്ട് അഞ്ച് മണി ശബ്ദത്തിനു ശേഷം അമ്മയെയും കാത്ത് ഇരിക്കവെ പ്രാണൻ  തല്ലി അമ്മയുടെ വരവ്. അമ്മയ്ക്കു നേരെയുള്ള പുഞ്ചിരിയിൽ അമ്മയുടെ ചോദ്യങ്ങൾ? രാവിലെയും ഉച്ചയ്ക്കും ഭക്ഷണം കഴിച്ചോ പിന്നെ തുടങ്ങുന്ന ശാസനങ്ങൾ ഇന്ന് കുളിച്ചോ? പള്ളി കൂടത്തിൽ പോയോ? ഇന്നിട്ടതുണികൾ എവിടെ?. അമ്മ കുളിക്കുന്ന സമയം എല്ലാവരുടെയും തുണിയും കൂടി അലക്കി, വിളക്ക് തെളിച്ച് അടുപ്പിൻ കരയിലേക്ക് അത്താഴത്തിന്റെ ഒരിക്കത്തിലേക്ക്. ആവിശ്യങ്ങൾക്കായി അമ്മയ്ക്കരികിലേക്ക് ഓടി എത്തി പരാതിയും ആവിശ്യങ്ങളും പറയവെ കേട്ടില്ലാ മട്ടിൽ ഒരു ശാസന പോയി പഠിക്കടാ  അത്താഴം ഊട്ടിയതിന് ശേഷം ഉറങ്ങുന്നതിനുള്ള ശാസന വീണ്ടും കേൾക്കെ തെറുത്ത വെച്ച തഴപ്പാ വിരിച്ച് ഉറക്കത്തിലേക്ക്. പതിവുപോലെ ദിനങ്ങളുടെ തുടർച്ച. ചെവിക്കൊളാതെ പോയെന്നു തോന്നിയ ആവിശ്യങ്ങൾ അച്ഛനോട് പറഞ്ഞ് വെള്ളിയാഴ്ച്ച അഞ്ചു മണി കഴിയെ ആഴ്ച ശമ്പളത്തിൽ എത്ര നാൾ സന്തോഷിച്ച നാളുകൾ ഇന്നും മനസ്സിന്റ മധുരം. അമ്മയോളം ലോകം പകരം വയ്ക്കാനില്ലാതെ ഒരായിരം അമ്മമാർക്കൊപ്പം എനിക്കെന്റെ അമ്മയും !

ഞാൻ കണ്ട പോരാളി...

അമ്മക്കൊരുമ്മ





**RAJEEV KARIMULACKAL**
KARIMULACKAL





**DIYA KRISHNAN B**
KARIMULACKAL

## TOP PERFORMERS OF OCTOBER ASSIST TO MEMBER (AM)



**ANANTHU KUMAR VR**
**22 LAKHS**



**BIJIDAS P**
**8.80 LAKHS**



**RADAKRISHNAN K**
**7.43 LAKHS**

PETALS of Malankara

## നീലാകാശം

നീലാകാശത്തിൻ കീഴിൽ
പാറിപ്പായും സ്വപ്നങ്ങൾ,
കാറ്റിനോട് ചേർന്ന്
ഹൃദയം പറയാത്ത കഥകൾ.
മിന്നലായ് തെളിഞ്ഞൊരു ചിരി,
മഴത്തുള്ളി പോലെ ഓർമ്മ,
ആരോരുമറിയാത്ത വഴികൾക്കിടയിൽ
നമ്മൾ മാത്രം സൂക്ഷിച്ച രഹസ്യം.
ജീവിതം ഒരു യാത്രയത്രേ,
നീലാകാശത്തിൻ തീരത്തേക്ക്...



**ASWATHY P S**
THRISSUR

## നഷ്ടപ്രണയം



**RADIKA**
BM
VADUKKUMCHERY

നിന്നിൽ തുടങ്ങി നിന്നിലവസാനിക്കുന്ന
എന്റെ പ്രണയം.
നീ എന്ന ബിന്ദുവിൽ ഒതുങ്ങി കൂടാൻ
ആഗ്രഹിക്കുന്ന എന്റെ മനസ്സ്.
നിനക്കായി മാറ്റി വെച്ചതാണ് എന്റെ ഈ ജന്മം.
ഇനി ഒരു നാൾ എന്നിലേയ്ക്ക് നിന്റെ ഒരു നോട്ടമോ,
പുഞ്ചിരിയോ ഒന്നുമില്ലെങ്കിലും,
നിന്നെ ഞാൻ പ്രണയിക്കും.

എന്റെ ഊർജ്ജമാണത്. എന്റെ ധൈര്യമാണിത്.
നീ അറിയുന്നുണ്ടോ, നിന്നെ കാണാതെയുള്ള ഓരോ
നിമിഷവും എത്ര മാത്രം നീറുന്ന വിങ്ങലാണെന്ന്?
എന്റെ പ്രണയത്തിന്റെ പറുദീസയിൽ നീ മാത്രമാണ്.എന്നാലും,
ഉള്ളിന്റെയുള്ളിൽ എവിടെയോ കടലിരമ്പുന്നു,
കാർമേഘങ്ങൾ പെയ്തൊഴിയാതെ നിൽക്കുന്നു

## പ്രളയരാത്രിയിലെ അത്ഭുതം

ഇരുളും മഴയും ഇരമ്പിയ രാവിൽ,
കാടിന്റെ ഹൃദയം കിടുങ്ങവേ,
ആദിവാസിപ്പെണ്ണ്, മാറോടണച്ചോര
കുഞ്ഞുമായി പാഞ്ഞു, ജീവനും കൊണ്ട്.
പൊട്ടിയൊലിച്ച മലവെള്ളപ്പാച്ചിലിൽ,
തകർന്നടിഞ്ഞൂ കുടിലുകൾ പലതും.
ഒടുങ്ങാത്ത നിലവിളികൾ കാറ്റിനൊപ്പം,
അലറീ, കാടെങ്ങും ഭയത്തിന്റെ ദൂരങ്ങൾ.
ഒടുവിൽ, ഉയരം നിറഞ്ഞൊരു പാറമേൽ,
ചേക്കേറി അവർ, തണുത്തു വിറച്ച്.
ചുറ്റും പെരുമഴ, താഴെ കുത്തിയൊഴുകും
ഭീകരമാം പ്രളയത്തിൻ ആർത്തനാദം.
അങ്ങകലെ, ഇരുളിൻ മറനീക്കി,
കാടിളക്കി വന്നൂ ഒരാനക്കൂട്ടം!
ഉയർന്നു കേട്ടു ചിന്നംവിളി, പേടിയിൽ
മരവിച്ചൂ ദേഹം, ഹൃദയം നിന്നു.
കണ്ണുമിഴിച്ചു നിന്നൂ അമ്മയും കുഞ്ഞും,
ഒടുങ്ങുമെന്നോർത്തവർ, ദാരുണമായി.
എന്നാലത്ഭുതം! കൂട്ടത്തിൽ നിന്നൊരാൾ,
ഒറ്റയാനായൊരാ കൊമ്പനാന.
അവൻ വന്നൂ, പതിയെ അടുത്തേക്കവർ,
കണ്ണുകളിൽ സ്നേഹം, ദയയുടെ നോട്ടം.

ആ ഭീമാകാരൻ, അവർക്കൊരു തണലായി,
പേടിച്ചൊതുങ്ങിയ കുഞ്ഞിനു കാവലായി.
നടുങ്ങും മനസ്സുമായി അമ്മയും കുഞ്ഞും,
ആനയുടെ നെറുകയിൽ തലോടി മെല്ലെ.
മഴത്തുള്ളികൾ വീണു, ആനക്കൊമ്പിൽ നിന്ന്,
പ്രളയം കാടിനെ വിഴുങ്ങുമ്പോഴും.
അവൻ കാവലായി, കൂരിരുൾ രാത്രിയിൽ,
ചെന്നായ്ക്കൾ ഓരിയിട്ടു, പുലികൾ മുരണ്ടു.
കാടിന്റെ മർമ്മരങ്ങൾ ഭയപ്പെടുത്താതെ,
ആനച്ചൂര് നൽകി, ഒരുറപ്പിൻ സാന്ത്വനം.
പ്രഭാതം പൊൻകിരണങ്ങൾ തൂകിയപ്പോൾ,
പ്രളയം പതിയെ അടങ്ങാൻ തുടങ്ങി.
ആനപ്പിറകിൽ നിന്ന് താഴെയിറങ്ങി,
പുതിയൊരു ജീവിതം തേടി അമ്മയും കുഞ്ഞും.
തിരിഞ്ഞു നോക്കിയവർ, നന്ദിയോടെ,
കാടിന്റെ രക്ഷകനാം കൊമ്പനാനയെ.
മൃഗസ്നേഹത്തിൻ മഹത്വം വിളിച്ചോതി,
പ്രകൃതി തൻ ശക്തിയെന്നെന്നും ജയിക്കട്ടെ.

( ഈ കവിതയിൽ, പ്രളയത്തിൽ നിന്ന് രക്ഷപ്പെട്ട് ഒരു കൊമ്പനാനയുടെ മുന്നിൽ അകപ്പെടുന്ന ഒരു ആദിവാസി സ്ത്രീയെയും അവളുടെ കുഞ്ഞിനെയും കുറിച്ചാണ് പറയുന്നത്. പിന്നീട് ആ ആന അവർക്ക് കാവലായി മാറുന്ന അത്ഭുതകരമായ സംഭവവും വർണ്ണിക്കുന്നു. )



**VIDYA S**
RO,
BALARAMAPURAM




## CHAIRMAN'S EVER ROLLING TROPHY
## BEST BRANCH FOR THE MONTH OF OCTOBER 2025

MALANKARA CREDIT SOCIETY LTD
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

## പാചക രംഗം

# അയല മുളകിട്ടത്



MARIYAMA PIOUS
Vice -Chairman

### ആവശ്യമുള്ള സാധനങ്ങൾ

അയല മീൻ 1 /2 KG
പച്ചമുളക് 3 എണ്ണം
ചുവന്നുള്ളി 4 എണ്ണം
വെളുത്തുള്ളി 2 അല്ലി
കറിവേപ്പില പാകത്തിന്
മുളക്പൊടി 2 ടേബിൾ സ്പൂൺ
മഞ്ഞൾ പൊടി 1 / 4 ടേബിൾ സ്പൂൺ
ഉപ്പ് പാകത്തിന്
വെളിച്ചെണ്ണ ആവശ്യത്തിന്
തക്കാളി വലുത് 2 എണ്ണം
ഉലുവ പൊടി ഒരു നുള്ള്
പുളിയോ കോൽപുളിയോ ഉപയോഗിക്കാം

### തയ്യാറാക്കുന്നവിധം

ഇഞ്ചി, പച്ചമുളക്, ചുവന്നുള്ളി , വെളുത്തുള്ളി എല്ലാം കുറച്ച് നീളത്തിൽ അരിയുക. മീൻ മുറിച്ച് കഴുകി വൃത്തിയാക്കുക, തക്കാളി മിക്സിയിൽ അടിച്ചെടുക്കുക മൺചട്ടി സ്റ്റവ്വിൽ വെച്ച് ചൂടാക്കുമ്പോൾ വെളിച്ചെണ്ണ ഒഴിച്ച് അതിലേക്ക് ഇഞ്ചി, പച്ചമുളക്, ചുവന്നുള്ളി, വെളുത്തുള്ളി, കറിവേപ്പില എന്നിവ ചേർത്ത് വഴറ്റുക. മൂത്ത് വരുമ്പോൾ തക്കാളി അരച്ചത് ചേർത്ത് വഴറ്റുക. അതിലേക്ക് മുളക് പൊടി മഞ്ഞൾ പൊടി ചേർത്ത് മൂപ്പിക്കുക. അതിലേക്ക് പുളി ഉപ്പും ചേർത്ത് തിളക്കുമ്പോൾ മീൻകഷ്ണം ചേർക്കുക വറ്റിച്ചെടുക്കുക അവസാനം ഉലുവ പൊടി ഒരു നുള്ള് ചേർക്കുക ഉപ്പും പുളിയും പാകത്തിന് നോക്കി ഇറക്കിവെക്കുക മീൻ മുളകിട്ടത് റെഡി.




PETALS of Malankara






**VIBIN VG**
VELOOR





**RUGWAITHA NIKHIL**
NADATHARA





**PRAMOD**
THALASSERY





**AADYA SAN**
KOZHIKODE

# Congratulations

## BUSINESS CORRESPONDENT (BC) PERSONAL LOAN



**SNEHIN M G**
**8.71 LAKHS**



**ANURUP SINGH**
**5.55 LAKHS**



**M S ARJUN MANGAL**
**4.99 LAKHS**

## BUSINESS CORRESPONDENT (BC) LOAN AGAINST PROPERTY



**HASHIK V H**
**28 LAKHS**



**CHANDRAKANTH**
**7.75 LAKHS**

## BUSINESS CORRESPONDENT (BC) VEHICLE LOAN 4 WHEELER



**MANESH**
**11.02 LAKHS**

PETALS of Malankara

# Happy Birthday


BOBIN


VISHNU


ABHILASH


JEEVAS BASTIN


SARIGA TG


LAYA


SONA


ANJANA


ANAGHA


AKASH


BIJEESH


AMEER JOHN


VISHNU NANDHAN


ANANDHU


KARTHIK


JINSE EPHREM THOMAS


DHIDHEESH


DHANESH


AKSHAYA


PRASANTH


BALUKRISHAN B


PRASEENA


ADHAM ANTONY

## INDUCTION TRAINING CONDUCTED FOR THE NEW EMPLOYEES


BOTTOM LEFT TO RIGHT: Dhanesh M, Vineesh Kumar, Sreelakshmi B, Sony Soman, Nithya P
TOP LEFT TO RIGHT: Deepa G, Arjun V P, Mithun K Chandran, Sarathlal P N, Vysakh G, Nandhu S, Midhun C


BOTTOM LEFT TO RIGHT: Naseema K A, Ligin Seby, Ajay Krishnan, Anju Davis, Saranya T S, Vaisakhan K P
TOP LEFT TO RIGHT: Rosemaria Joy, Yogi R, Smitha Praveen, Bhavana Ravindran, Rajesh V, Anush T R, Sivanand V G, Smruthy K Anil

## Liability Products Achievers for the month of *OCTOBER*



**REMYA KRISHNA S K**
ASST. MANAGER - LIABILITY
TRIVANDRUM
**25.30 LAKHS**



**ANJITHA B**
CFC MANAGER
BALARAMAPURAM
**16.91 LAKHS**



**SHILIL B NAIR**
SR. CFC MANAGER
THALASSERY
**16.06 LAKHS**

## നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു.

നിങ്ങളുടെ കലാസൃഷ്ടികൾ 95621 97162എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.

മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

## ഇ-മാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ



**ADITH SUNIL UTTOLY**
AMBALLUR



**VAAISHNAV VIJAY**
PUNKUNNAM



**ADHITHYAN**
PEECHI